**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2446** **9.03.2018-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികളുടെമേലുള്ള ചൂഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികളെ യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ ചെറിയ ഷെഡുകളിലും മറ്റും തിക്കി പാർപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രാഥമിക കൃത്യങ്ങൾ പോലും ശരിയായ രീതിയിൽ നടത്തുവാൻ കഴിയാത്ത വിധത്തിലാണ് ഇവരുടെ താമസസൗകര്യങ്ങളെന്ന കാര്യം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഇതരസംസ്ഥാന തൊഴിലാളികൾ മോശമായ സാഹചര്യങ്ങളിൽ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യം ഒഴിവാക്കുന്നതിനുള്ള പരിശോധനകളും, ബോധവത്കരണ നടപടികളും ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. ഇവർക്ക് മെച്ചപ്പെട്ട താമസ സൗകര്യം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് "അപ്നാഘർ" പദ്ധതി തൊഴിൽ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി മാത്രം നൽകി ഇടനിലക്കാർ അവരെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ? | (സി) ഒരേ തൊഴിലിൽ ഏർപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും തുല്യവേതനം തന്നെയാണ് നൽകുന്നത്. ഇത്തരത്തിൽ കൂലി കുറച്ച് ലഭ്യമാകുന്നതായി ഇതരസംസ്ഥാന തൊഴിലാളികളിൽ നിന്നും പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കൂലി പിടിച്ചുവെക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെട്ട് പരിഹാരം കണ്ടെത്താറുമുണ്ട്. |

സെക്ഷൻ ഓഫീസർ